**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.796 30.11.2018 -ലെ മറുപടിക്ക്**

**ഭവനരഹിതരുടെ വിവരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിന്റെ ഭവനരഹിതരുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 271 ഭവനരഹിതരാണ് ഉള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |
| (സി) | പട്ടികജാതിയിൽപെട്ട ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള 50,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ 15%,30%,40%,15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. |

| | | |
|---|---|---|
| 1 | ഒറ്റപ്പാലം നഗരസഭ | 96 |
| 2 | അമ്പലപ്പാറ | 72 |
| 3 | ലക്കിടി പേരൂർ | 70 |
| 4 | കടമ്പഴിപ്പുറം | 7 |
| 5 | കരിമ്പുഴ | 3 |
| 6 | ശ്രീകൃഷ്ണപുരം | 9 |
| 7 | പൂക്കോട്ടുകാവ് | 14 |
| | **ആകെ** | **271** |

| | | | |
|---|---|---|---|
| | | | 2016-17, 2017-18 വർഷങ്ങളിലായി 23,801 വീടുകൾ സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് പ്രസ്തുത ധനസഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ